**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**19-06-2021**

## കാർഷികവാർത്തകൾ

1. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ജൂലൈ 31-ാം തീയതിയ്ക്ക് മുമ്പായി ചേരാവുന്നതാണ്. www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയകേന്ദ്രങ്ങൾ വഴിയും പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2334493** എന്ന നമ്പരിലോ, അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ **1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

2. **സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി** പ്രകാരം ജില്ലയിലെ എല്ലാ കർഷകരുടെയും വിളകൾ ഇൻഷൂർ ചെയ്യാവുന്നതാണ്. ആയതിനായി അതാത് കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കോഴിക്കോട് ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിക്കുന്നു.

3. **അറിയിപ്പ്**

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നീ കോഴ്സുകൾക്ക് 2021-22 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. ഒരു വർഷ കോഴ്സായ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജിയിലേക്കുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടുവും ആറു മാസത്തെ കോഴ്സായ സർട്ടിഫിക്കറ്റ് ഇൻ

പൗൾട്രി ഫാമിംഗി-ന്റെ അടിസ്ഥാന യോഗ്യത 8-ാം ക്ലാസും ആണ്. ജൂലൈ 15-ന് മുമ്പ് https://onlineadmission.ignou.ac.in/admission/ എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9495000930, 9400608493.**

## 4. റബ്ബർബോർഡ് കോൾസെന്റർ

റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചുള്ള സംശയങ്ങൾക്ക് റബ്ബർ ബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ സീനിയർ സയിന്റിസ്റ്റ് ഡോ. പി. പ്രസന്നകുമാരി ഈ മാസം 21-ന് (ജൂൺ 21) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ **04812576622.**

## 5. കർഷകർക്ക് ഹ്രസ്വകാലവായ്പ

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കാലിക കാർഷിക പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ കേരളാ ഗ്രാമീൺ ബാങ്ക് എന്നീ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് ഹ്രസ്വകാലവായ്പ അനുവദിക്കുന്നു. വായ്പയുടെ പലിശ നിരക്ക് 6.4% ആണ് . കാലാവധി ഒരു വർഷമാണ്. കുടുതൽ വിവരങ്ങൾക്ക് അതാത് കൃഷിഭവനുമായോ സഹകരണ സ്ഥാപനവുമായോ ബന്ധപ്പെടാവുന്നതാണ്.

## 6. അറിയിപ്പ്

കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന വാണിജ്യാടി സ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

**ഓൺലൈൻ പരിശീലനങ്ങൾ**

7. ക്ഷീരവികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്ര'ത്തിൽ വച്ച് ഈ മാസം 22,24 തീയതികളിൽ **ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181,** ഇ-മെയിൽ: sfftraining2021@gmail.com.

8. തിരുവനന്തപുരം ക്ഷീരപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്ക് ഈ മാസം 29-ന് രാവിലെ 11.30 മണി മുതൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ പേര്, മേൽവിലാസം, വാട്സ്ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **047 1-2440911.**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**9.** റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഓൺലൈൻ പരിശീലനം നടത്തുന്നു. ഈ മാസം 22-ന് ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

**10.** തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22-ന് കാട വളർത്തൽ, 24,25 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്നീ വിഷയങ്ങളിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

ഫാം ഇൻഫർമേഷൻ ബ്യൂറോ